**പതിമൂന്നാം കേരള നിയമസഭ**
**രണ്ടാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത**
**നിയമസഭാ ചോദ്യം നമ്പർ : 5965**

**28.10. 2011-ൽ മറുപടിക്ക്.**

## ആലപ്പുഴ ജില്ലയിലെ കോടതികൾ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. ജി. സുധാകരൻ | ശ്രീ. ഉമ്മൻ ചാണ്ടി<br>(മുഖ്യമന്ത്രി) |
| (എ) ആലപ്പുഴ ജില്ലയിലെ കോടതികൾ അടിസ്ഥാന സൗകര്യങ്ങളില്ലാതെ ബുദ്ധിമുട്ടനുഭവിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;<br><br>(ബി) ഉണ്ടെങ്കിൽ, കോടതികളുടെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നത് പരിഗണനയിലുണ്ടോ ;<br><br>(സി) എന്തെല്ലാം അടിസ്ഥാന സൗകര്യങ്ങളാണ് ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നത് ; വിശദമാക്കുമോ ; | : (എ), (ബി) & (സി)<br>കോടതികളിലെ അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തത പരിഹരിക്കുന്നതിന് ബന്ധപ്പെട്ട ജുഡീഷ്യൽ ഓഫീസർ ആവശ്യപ്പെടുന്നതിനനുസരിച്ചും ഫണ്ടിന്റെ ലഭ്യതയുമനുസരിച്ച് നടപടികളെടുക്കുന്നുണ്ട്. കോടതികളിലെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിലേയ്ക്കായി പുതിയ കോടതി മന്ദിരങ്ങൾ നിർമ്മിക്കുന്നതിനും ജുഡീഷ്യൽ ഓഫീസർമാർക്കായി ക്വാർട്ടേഴ്സ് സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനും പരിപാലിക്കുന്നതിനുമുള്ള നിർദ്ദേശങ്ങളിന്മേൽ ജഡ്ജുമാരുടെ ഒരു കമ്മിറ്റിയാണ് അന്തിമ തീരുമാനം കൈക്കൊള്ളുന്നത്. ടോയ്‌ലറ്റ്, കുടിവെള്ളം, കെട്ടിട മെയിന്റനൻസ്, കമ്പ്യൂട്ടർ/ പ്രിന്റർ, ഫോട്ടോകോപ്പിയർ, ഫാക്സ്മെഷീൻ, ഫർണീച്ചർ മുതലായ സൗകര്യങ്ങൾ വിവിധ കോടതികളുടെ ആവശ്യാർത്ഥം ഫണ്ടിന്റെ ലഭ്യതയനുസരിച്ച് അനുവദിച്ചു നൽകിയിട്ടുണ്ട്. |

(ഡി) അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനുള്ള കോടതികളുടെ പ്രാഥമിക ലിസ്റ്റ് തയ്യാറാക്കിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ ആലപ്പുഴ ജില്ലയിലെ ഏതെല്ലാം കോടതികൾ ഈ പട്ടികയിൽ ഉൾപ്പെട്ടിട്ടുണ്ട് ; ഇതിനായി എത്ര തുക വകയിരുത്തിയിട്ടുണ്ട് ; വിശദാംശങ്ങൾ നൽകുമോ ?

: (ഡി) കേരള ലീഗൽ ബെനഫിറ്റ് ഫണ്ട് സ്കീം നടപ്പിലാക്കുന്നതിന്റെ ഭാഗമായി അഭിഭാഷകർക്കും ക്ലർക്കുമാർക്കും ജോലി ചെയ്യുന്നതിനുള്ള സൗകര്യം ഏർപ്പെടുത്തുന്നതിനും വ്യവഹാരികൾക്ക് പ്രാഥമിക സൗകര്യം ഏർപ്പെടുത്തുന്നതിനും സർക്കാർ ഉത്തരവ് (സാധാ) 507/11/നിയമം തീയതി 15.06.2011 പ്രകാരം 112.91 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. 18 കോടതികളിലാണ് ഈ സൗകര്യം ഏർപ്പെടുത്താൻ ഉത്തരവായിട്ടുള്ളത്. ആലപ്പുഴ ജില്ലയിൽ കായംകുളത്തെ കോടതികളിൽ ഇതിനുവേണ്ടി 6.8 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ